കൂടാതെ പുതിയ മെഡിക്കൽ കോളേജുകൾക്ക് താഴെപ്പറയും പ്രകാരം എസ്.ഡി.ജി.-യിൽ തുക വകയിരുത്തുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്നു.

മഞ്ചേരി	₹	25 കോടി
ഇടുക്കി	₹	20 "
തിരുവനന്തപുരം	₹	10 "
കോന്നി	₹	10 "
കാസർഗോഡ്	₹	10 "
ആകെ	₹	75 "

മഞ്ചേരി മെഡിക്കൽ കോളേജ് നിലവിൽ വന്നുകഴിഞ്ഞു. മെഡിക്കൽ കൗൺസിൽ ഓഫ് ഇൻഡ്യയുടെ അനുമതി കിട്ടിയാൽ ഇടുക്കി മെഡിക്കൽ കോളേജിൽ 2014 അദ്ധ്യയന വർഷം 50 എം.ബി.ബി.എസ്. കുട്ടികളെ പ്രവേശിപ്പിക്കുവാൻ കഴിയും. കാസർഗോഡ്, കോന്നി മെഡിക്കൽ കോളേജുകൾ 2016-ൽ എം.ബി.ബി.എസ്. ആദ്യവർഷ ക്ലാസ്സിന് സജ്ജമാകും എന്ന് പ്രതീക്ഷിക്കുന്നു. 2015 അദ്ധ്യയന വർഷം ലക്ഷ്യമാക്കിയാണ് തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെ നടപടികൾ പുരോഗമിക്കുന്നത്. വയനാട്, ഹരിപ്പാട് മെഡിക്കൽ കോളേജുകളുടെകാര്യത്തിൽ തീരുമാനമായിട്ടില്ല.

പുതിയ മെഡിക്കൽ കോളേജുകൾ

78 (6783) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ബഡ്ജറ്റ് പ്രഖ്യാപനങ്ങളിൽ ഉൾപ്പെട്ട പുതിയ മെഡിക്കൽ കോളേജുകൾ എന്നത്തേക്ക് യാഥാർത്ഥ്യമാക്കാൻ കഴിയുമെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

ബഡ്ജറ്റ് പ്രഖ്യാപനങ്ങളിൽ ഉൾപ്പെട്ട പുതിയ മെഡിക്കൽ കോളേജുകളിൽ മഞ്ചേരി സർക്കാർ മെഡിക്കൽ കോളേജ് പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. ഇടുക്കിയിൽ മെഡിക്കൽ കോളേജ് ആരംഭിക്കുന്നതിനുവേണ്ടി മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ പരിശോധന നടന്നുകഴിഞ്ഞിട്ടുണ്ട്. അനുമതി ലഭിക്കുന്ന പക്ഷം 2014-15 അധ്യയന വർഷത്തിൽ പ്രവേശനം നടത്താൻ സാധിക്കുന്നതാണ്. നബാർഡിന്റെ സഹായത്തോടെ നിർമ്മിക്കുന്ന കോന്നി മെഡിക്കൽ കോളേജിന്റെ തറക്കല്ലിടീൽ കഴിഞ്ഞിട്ടുണ്ട്. 300 കിടക്കകളുള്ള ആശുപത്രിയുടെ നിർമ്മാണം പുരോഗമിച്ചുവരുന്നു. കാസർഗോഡ് മെഡിക്കൽ കോളേജിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് റോഡ്, ജലം, വൈദ്യുതി തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. തിരുവനന്തപുരത്ത് ആരംഭിക്കുന്ന മെഡിക്കൽ കോളേജിന്റെ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റെ ടെണ്ടർ ക്ഷണിച്ചു കഴിഞ്ഞിട്ടുണ്ട്. 2015-16 അധ്യയന വർഷത്തിൽ തിരുവനന്തപുരത്ത് പുതിയ മെഡിക്കൽ കോളേജ് പ്രവർത്തന സജ്ജമാകുമെന്നാണ് പ്രതീക്ഷിക്കപ്പെടുന്നത്.

LIBRARY ARCHIVES Kerala Legislative Assembly